കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - വളാഞ്ചേരി ഗ്രാമപഞ്ചായത്ത് വക KL-10T-8015-ാം നമ്പർ വാഹനം വളാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കൈമാറുന്നതിനും ഗ്രാമപഞ്ചായത്തിന് ഒരു വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:2134/2012/തസ്വഭവ തിരുവനന്തപുരം, തീയതി:3/8/2012**

---

**പരാമർശം:- 1. വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28/3/12-ലെ എ4.5154/12 നമ്പർ കത്ത്.**

**2. പഞ്ചായത്ത് ഡയറക്ടറുടെ 4/6/12-ലെ ജി1-11958/12 നമ്പർ കത്ത്.**

**<u>ഉത്തരവ്</u>**

**വളാഞ്ചേരി ഗ്രാമപഞ്ചായത്തു വക KL-10T-8015-ാം നമ്പർ വാഹനം വളാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഉപയോഗത്തിന് കൈമാറുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിനായി പുതിയ വാഹനം വാങ്ങുന്നതിനുമുള്ള അനുമതിയ്ക്കായി പരാമർശം (1) പ്രകാരം വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിരുന്നു.**

**2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഹനത്തിന്റെ ആവർത്തന ചെലവുകൾ , ഡ്രൈവറുടെ വേതനം എന്നിവ പ്രാഥമികാരോഗ്യ കേന്ദ്രം വഹിക്കണമെന്ന വ്യവസ്ഥയിൽ ഗ്രാമപഞ്ചായത്ത് വക KL-10T-8015-ാം നമ്പർ വാഹനം വളാഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഉപയോഗത്തിന് വിട്ടു നൽകുന്നതിനും വാഹനം വിട്ടു നൽകിയ ശേഷം പകരം ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് 8 ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഒരു വാഹനം വാങ്ങുന്നതിനും വളാഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**വി.ശോഭ**

**അഡീഷണൽ സെക്രട്ടറി**

**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം**

**അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം**

**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം**

**സെക്രട്ടറി, വളാഞ്ചേരി ഗ്രാമപഞ്ചായത്ത്, മലപ്പുറം**

**എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**

**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**